(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടുസഹിതം)

<u>നം.കെ.എസ്.എ-ഐ.ഡി.കെ-9/1316/18</u>

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

ഇടുക്കി ജില്ല

Phone : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി.15.12.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വണ്ടൻമേട് ഗ്രാമപഞ്ചായത്ത്

സർ

വിഷയം : വണ്ടൻമേട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-9/1316/18 തീയതി. 15.12.2018.

ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

**************************

ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 03-07-2017 മുതൽ 20-11-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ്

ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.2018 മുതൽ 28.11.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ | ശ്രീമതി. സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ലേഖ വി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹ്സിൻ ഫൈസൽ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. അനീറ്റ പി. സാമുവേൽ | സീനി. ഗ്രേഡ് ഓഡിറ്റർ |
| | എബി എബ്രാഹാം | സീനി.ഗ്രേഡ് ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ജാൻസി റെജി | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ. അനസ് വൈ. | 01-04-2017 മുതൽ 21.04.2017 വരെ |
| | ശ്രീ. ബിന്ദുമോൻ വി. ആർ. | 22.04.2017 മുതൽ 16.07.2017 വരെ |
| | ശ്രീ. സേതു ആർ | 17.07.2017 മുതൽ 31.03.2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീമതി. അഞ്ജന ദിനേഷ് | 01-04-2017 മുതൽ 27-06-2017 വരെ |
| | ശ്രീ. കൃഷ്ണ കുമാർ പി. | 28-06-2017 മുതൽ 05-01-2018 വരെ |
| | ശ്രീ. ജോസഫ് തോമസ് | 06-01-2018 മുതൽ 31-03-2018 വരെ |
| അസി. സെക്രട്ടറി | ശ്രീ. ബിന്ദു മോൻ യു. ആർ. | 01-04-2017 മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. സിബി സെബാസ്റ്റ്യൻ | 01-04-2017 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സാലി വൈ. | 01-04-2017 മുതൽ 06-05-2017 വരെ |
| | ശ്രീമതി.ആൻസി റ്റി.യോഹന്നാൻ | 07-05-2017 മുതൽ 31-03-2018 വരെ |
| ഹെഡ് മാസ് റ്റർ | ശ്രീ. ജോസഫ് കെ. എ. | 01-04-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. കെ. ദിനകരൻ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. വീണ ആർ. | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. റ്റിജു പി. ജോസഫ് | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. വർഗീസ് റ്റി. ഐസക് | 01-04-2017 മുതൽ 31-03-2018 വരെ |
| ഗ്രാമസേവകൻ | ശ്രീ. ഇസ്മായിൽ റാവുത്തർ | 01-04-2017 മുതൽ 31.03.2018 വരെ |
| | ശ്രീ. ജയരാജ് വി. | 01-04-2017 മുതൽ 29-04-2017 വരെ |
| | (തസ്തിക ഒഴിവ്) | 30-04-2017 മുതൽ 18-07-2017 വരെ |
| | ശ്രീമതി. ലളിത കെ. | 19-07-2017 മുതൽ 31-03-2018 വരെ |


<u>ഉള്ളടക്കം</u>

| ക്രമ നം. | ഖണ്ഡിക നമ്പർ | ഭാഗം 1 – പൊതു അവലോകനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |

| | | |
|---|---|---|
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കിലെ അപാകതകൾ |
| | | ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 13 | 2-1 | പഞ്ചായത്ത് വക കടമുറികളും സ്റ്റാളുകളും ലേലത്തിൽ പോകാത്തത് സംബന്ധിച്ച് |
| 14 | 2-2 | തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി അടവാക്കാത്തത് സംബന്ധിച്ച് |
| 15 | 2-3 | മൊബൈൽ ടവർ, വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് |
| 16 | 2-4 | പ്രത്യേക ആവശ്യത്തിനായി ലഭിച്ച തുകകൾ വിനിയോഗിക്കുന്നില്ല |
| 17 | 2-5 | ഡി. & ഒ. ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് - അപേക്ഷ സമർപ്പിക്കുന്നതിലെ കാലതാമസം - എന്നിവ സംബന്ധിച്ച് - |
| | | ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 18 | 3-1 | കന്നുകുട്ടി പരിപാലന പദ്ധതി - ₹8,75,000/- അധികമായി നിർവ്വഹണ ഏജൻസിയിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നു |
| 19 | 3-2 | പഞ്ചായത്താഫീസ് നെറ്റ് വർക്കിംഗ് – ടെൻഡറിൽ അധികരിച്ച് പദ്ധതി വിഹിതത്തിൽ നിന്നും തുക പിൻവലിച്ചു |
| 20 | 3-3 | വൃദ്ധർക്ക് പകൽവീട് - പ്രവർത്തനക്ഷമമായിട്ടില്ല |
| 21 | 3-4 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് - പദ്ധതി ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും തുക നൽകിയത് തിരിച്ചടച്ചില്ല |
| 22 | 3-5 | ആശ്രയ |

| | | |
|---|---|---|
| 23 | 3-6 | വി.ഇ.ഒ.-യുടെ അക്കൗണ്ടിൽ അനധികൃതമായി പണം സൂക്ഷിച്ചിരിക്കുന്നു |
| 24 | 3-7 | പെൻഷൻ അംശദാനം ഒടുക്ക് - അപാകതകൾ |
| 25 | 3-8 | പാലിയേററീവ് പദ്ധതി - മരുന്ന് ലഭ്യമായിട്ടില്ല |
| 26 | 3-9 | സോളിംഗിന് മാത്രമായി പ്രൊജക്ട് നടപ്പാക്കിയിരിക്കുന്നു |
| 27 | 3-10 | കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 28 | 3-11 | വെള്ളക്കരം – വൻതുക കുടിശ്ശിക ഒടുക്കാൻ അവശേഷിക്കുന്നു |
| | | ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 29 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 30 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 31 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 32 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 33 | 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 34 | 4-6 | ഓഡിറ്റ് റിക്കവറി |
| 35 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 36 | 4-8 | ചാർജ്/സർചാർജ് നടപടിയിലൂടെ തുക ഈടാക്കിയ വിവരം കാണിക്കുന്ന പത്രിക |
| 37 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 39 | അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 40 | അനുബന്ധം 2 | റെസിപ്റ്റ് ആന്റ് പേമെന്റ് |
| | | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ |
| | | ബാലൻസ് ഷീറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 28.02.2018 തീയതിയിലെ 5(1) -ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.03.2018 | 22.05.2018 | - ബാധകമല്ല – | - ബാധകമല്ല – |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,20,66,874 |
| വരവ് | ₹10,13,41,582 |
| ആകെ | ₹11,34,08,456 |
| ചെലവ് | ₹10,53,22,791 |
| നീക്കിയിരിപ്പ് | ₹80,85,665 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ (ACR പ്രകാരം) | 0 | 25446000 | 25446000 | 23956699 | 1489301 |
| വികസന ഫണ്ട് - എസ്.സി.പി (ACR പ്രകാരം) | 0 | 8951531 | 8951531 | 7148373 | 1803158 |
| വികസന ഫണ്ട് - ടി.എസ്.പി (ACR പ്രകാരം) | 0 | 1712304 | 1712304 | 1671146 | 41158 |
| മെയിന്റനൻസ് - റോഡ് (ACR പ്രകാരം) | 0 | 8441000 | 8441000 | 8205876 | 235124 |
| മെയിന്റനൻസ് - നോൺ-റോഡ് (ACR പ്രകാരം) | 0 | 5444000 | 5444000 | 4334449 | 1109551 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 17409213 | 17409213 | 10650761 | 6758452 |
| കെ.എൽ.ജി.എസ്.ഡി.പി (ACR പ്രകാരം) | | 0 | 5367966 | 5367966 | 4567848 | 800118 |
| സാക്ഷരത | | 203 | 0 | 203 | 0 | 203 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 8232470 | 8232470 | 8232470 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 19389 | 400238 | 419267 | 418701 | 926 |
| ടോട്ടൽ സാനിട്ടേഷൻ (സെൻട്രൽ ഷെയർ) | | 4577509 | 160062 | 4737571 | 1027651 | 3709920 |
| ശുചിത്വമിഷൻ | | 0 | 63750 | 63750 | 0 | 63750 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക്പഞ്ചായത്ത് | 0 | 2610000 | 2610000 | 2000000 | 610000 |
| | ജില്ലാപഞ്ചായത്ത് | 0 | 2144500 | 2144500 | 2144500 | 0 |
| ബി-ഫണ്ട് | | 0 | 20620608 | 20620608 | 20620608 | 0 |
| ഐ.സി.ഡി.എസ്. | | 0 | 989487 | 989487 | 0 | 989487 |
| കൈമാറികിട്ടിയ സ്ഥാപനങ്ങൾക്കുള്ള വിഹിതം(കൃഷി) | | 0 | 2528000 | 2528000 | 0 | 2528000 |
| കൈമാറികിട്ടിയ സ്ഥാപനങ്ങൾക്കുള്ള വിഹിതം(ആയുർവേദം) | | 0 | 93600 | 93600 | 0 | 93600 |
| മറ്റിനങ്ങൾ (MLA Fund) | | 64014 | 3694628 | 3758642 | 3472951 | 285691 |
| പ്രത്യേക ആവശ്യത്തിനായി മറ്റ് ഗവ. ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റ് | | 4 | 376513 | 376517 | 138446 | 238071 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 10444000 | 10444000 | 10444000 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട്(IDCB) | 9085953 | 7968743 | 16994696 | 14864761 | 2129935 |
| | ട്രഷറി അക്കൗണ്ട് | 2464017 | 15554707 | 18018724 | 15451040 | 2567684 |
| | ക്യാഷ് | 0 | 0 | 0 | 0 | 300650 |
| ഗുണഭോക്തൃ വിഹിതം | | 21670 | 1759558 | 1781228 | 1757558 | 23670 |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | | 333333 | 0 | 333333 | 333333 | 0 |

29.03.2018ൽ ട്രഷറിയിൽ നിന്നും തുക ₹81,54,698/- തിരിച്ച് പിടിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 285 | 110811213 | 198 | 73112273 | 0 | 87 | 65.98 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണച്ചെലവ് | 19389 | 400238 | 419627 | 418701 | 926 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 8232470 | 8232470 | 8232470 | - |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4200 | 7 |
| കർഷക തൊഴിലാളി പെൻഷൻ | 1645000 | 148 |
| വാർദ്ധക്യകാല പെൻഷൻ | 16633800 | 1393 |
| വികലാംഗ പെൻഷൻ | 2247700 | 253 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 84500 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹87,932/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൌണ്ടിംഗ് സിസ്റ്റം-അപാകതകളോടു കൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-12ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. നികുതികൾ യഥാസമയം കളക്ട് ചെയ്യുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പിരിവിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വസ്തുനികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. ആസ്തിരജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.

വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല.

<u>രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം</u>

പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്ത് വാഹനങ്ങളുടെ ഇന്ധന ക്ഷമതാ സർട്ടിഫിക്കററ് സൂക്ഷിക്കുകയോ സ്റ്റോക്ക് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല.

രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. കൂടാതെ കളക്ഷന് പോകുന്ന ബിൽ കളക്ടർമാരുടെ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിന്റെയും രസീതുബുക്കുകളുടെയും പരിപാലനം തൃപ്തികരമല്ല. കളക്ഷൻ രജിസ്റ്ററിൽ രസീതുബുക്കുകളുടെ നമ്പർ രേഖപ്പെടുത്തുന്നില്ല. കളക്ഷൻ രജിസ്റ്ററിൽ കാൻസൽഡ് രസീതുകൾ രേഖപ്പെടുത്തുന്നില്ല. ബിൽ കളക്ടർമാർ കളക്ഷന് പോകുന്ന ദിവസങ്ങളും അവരുടെ മൂവ്മെന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഔട്ട്ഡോർ കളക്ഷന് പോകുന്ന ദിവസങ്ങളിൽ കേവലം ഒരേ ഒരു രസീത് മാത്രം നൽകിയതായി കാണുന്നു. കാൻസൽഡ് രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ</u>

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

<u>ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ</u>

18 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും 2 പ്രാവശ്യം സമ്മേളിച്ചിട്ടുണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലായിട്ടില്ല. ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.10.2018 മുതൽ 29.10.2018 | 9/18 | 21.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ | 28.04.2014 മുതൽ | 2013-14 | 04.06.2014 |

| | | | |
|---|---|---|---|
| ഓഡിറ്റ് | 30.04.2014 | | |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. റിക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability in respect of stale cheque" എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. തൊഴിൽ നികുതി, വാടക, വസ്തുനികുതി, ഡി.ആന്റ്ഒ. ട്രേഡ് ലൈസൻസ് ഫീസ് എന്നിവയുടെ ഡി. സി.ബി. വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3. ട്രഷറി റ്റി.എസ്.ബി. അക്കൗണ്ട് (Code 450250110) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 2016 മാർച്ച് 30ന് ഡെപ്പോസിറ്റ് ചെയ്ത ₹7,05,917/- & ₹7,05,913/-യുടെ ചെക്കുകൾ നാളിതുവരെയായും പണമാക്കി മാറ്റിയിട്ടില്ല. മേൽ തുകകളുടെ വിശദാംശംങ്ങൾ ലഭ്യമാക്കിയില്ല.

4. അഡ്വാൻസ് രജിസ്റ്റർ. ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അബ്സ്ട്രാക്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

5. ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

6. ബി-18 ഷെഡ്യൂൾ പ്രകാരം "Advance to Implimenting Officers" & " advance to others" എന്നീ ഹെഡുകളിലുൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്ത് വക കടമുറികളും സ്റ്റാളുകളും ലേലത്തിൽ പോകുന്നില്ല

പഞ്ചായത്തിന് 10, കടമുറികൾ സ്വന്തമായുണ്ടെങ്കിലും 4 എണ്ണം മാത്രമാണ് വാടകക്ക് പോയിട്ടുള്ളത്. 3 മുറികളിൽ ഹോമിയോ ആശുപത്രി പ്രവർത്തിക്കുന്നു. ഇരുപതോളം മാംസ സ്റ്റാളുകളിൽ മൂന്ന് എണ്ണം മാത്രമാണ് ലേലത്തിൽ പോയിട്ടുള്ളത്. കടമുറികളുടെയും സ്റ്റാളുകളുടെയും അടിസ്ഥാന സൗകര്യങ്ങളിൽ അപര്യാപ്തതയുള്ള പക്ഷം അവ പരിഹരിച്ച് ലേലം നടത്തി വരുമാനം വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി അടവാക്കിയില്ല

തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച അന്വേഷണകുറിപ്പിന് (12) മറുപടി ലഭ്യമാക്കിയില്ല.

1. ഹൈറേഞ്ച് ഫെർട്ടിലൈസേഴ്സ്, പുളിയൻമല.

| ക്രമ നം. | വാർഡ് | കമ്പനി | കുടിശ്ശിക ഡിമാന്റ് | | |
|---|---|---|---|---|---|
| | | | 2013-14 മുതൽ 2016-17 വരെ | തന്നാണ്ട് | ആകെ |
| 1 | 18 | റിലയൻസ് | 250740 | 62685 | 313425 |
| 2 | 18 | വോഡഫോൺ | - | 30240 | 30240 |
| | | | | | 343665 |

2. കർമ്മേലിയ ഹാവൻ, വണ്ടൻമേട്.

3. മാസ് എന്റർപ്രൈസസ്, വണ്ടൻമേട്.

മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥാപന തൊഴിൽനികുതി അടവാക്കുവാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങളുടെ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. സ്ഥാപന തൊഴിൽ നികുതി ഡിമാന്റിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങളിൽ നിന്നും അത് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 മൊബൈൽ ടവർ, വസ്തുനികുതിയിൽ വൻ കുടിശ്ശിക

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതിയിൽ ഗണ്യമായ തുക കുടിശ്ശികയുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് | കമ്പനി | കുടിശ്ശിക ഡിമാന്റ് | | |
|---|---|---|---|---|---|
| | | | 2013-14 മുതൽ 2016-17 വരെ | തന്നാണ്ട് | ആകെ |
| 1 | 18 | റിലയൻസ് | 250740 | 62685 | 313425 |
| 2 | 18 | വോഡഫോൺ | - | 30240 | 30240 |
| ആകെ കുടിശ്ശിക | | | - | - | 343665 |

ടി തുക കാലഹരണപ്പെടാതെ പിരിച്ചെടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-4 പ്രത്യേക ആവശ്യത്തിനായി ലഭിച്ച തുകകൾ വിനിയോഗിക്കുന്നില്ല

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലവഴിയ്ക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. ടി തുകകളുടെ 31.03.2018ലെ നീക്കിയിരിപ്പിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൌണ്ട് | വിവരണം | തുക ₹ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 320100115 | സമ്പൂർണ്ണ ശുചിത്വം | 3709920 |
| 2 | 320200201 | കൈമാറികിട്ടിയ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് (കൃഷി) | 2528000 |
| 3 | 320200207 | കൈമാറികിട്ടിയ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് (ആയുർവേദം) | 93600 |
| 4 | 320200322 | ശുചിത്വമിഷൻ ഗ്രാന്റ് | 63750 |
| 5 | 320700104 | ബ്ലോക്ക് വിഹിതം(മൂലധന ചെലവ്) | 200000 |
| 6 | 320300199 | മറ്റ് ഗവ. ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റ് (ആശ്രയ ചലഞ്ച് ഫണ്ട്) | 238071 |
| 7 | 320700204 | ബ്ലോക്ക് വിഹിതം(റവന്യൂ ചെലവ്) | 410000 |
| 8 | 320800101 | ഗുണഭോക്തൃ വിഹിതം | 23670 |
| | | ആകെ | 7067011 |

പ്രത്യേക ലക്ഷ്യം മുൻനിർത്തി സർക്കാരും ഇതര ഏജൻസികളും അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. തുകകൾ നിർദ്ദിഷ്ട കാലപരിധിക്കുള്ളിൽ ചെലവഴിയ്ക്കാൻ സാധിയ്ക്കാത്ത പക്ഷം തിരികെ അതാത് സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 2-5 ഡി. & ഒ. ട്രേഡ് ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു -

എ) ഡി. & ഒ. ട്രേഡ് ലൈസൻസ്

ഡി. & ഒ. ട്രേഡ് ലൈസൻസ് ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അനുസരിച്ച് തൻവർഷം 269 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് നേടിയിട്ടുള്ളത്. നികുതി വരവുകൾ സംബന്ധിച്ച് സേഫ്റ്റ് വെയറിൽ ക്രോഡീകരിച്ച വിവരങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 1839 വാണിജ്യ കെട്ടിടങ്ങളുണ്ട്. ഒന്നിൽ കൂടുതൽ മുറികളോ, കെട്ടിടങ്ങളോ ഒരു സ്ഥാപനത്തിന്റെ ഭാഗമായി ഉപയോഗിച്ചേക്കാമെന്നതും കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കാനുള്ള സാദ്ധ്യതയും രേഖകളിൽ കെട്ടിട നമ്പർ ഉണ്ടെങ്കിലും കെട്ടിടം ഇല്ലായെന്നതും പരിഗണിച്ചാൽ തന്നെ വളരെക്കുറച്ച് സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് നല്കിയിട്ടുള്ളൂ എന്നത് കണക്കുകളിൽ നിന്ന് വ്യക്തമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതും വരുമാന ചോർച്ചയുണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കേണ്ടതുമാണ്.

ബി) പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു

തൻവർഷം ലൈസൻസ് അനുവദിച്ച അപേക്ഷകളിൽ Random Selection നടത്തി കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചപ്പോൾ

താഴെപ്പറയുന്ന കെട്ടിടങ്ങൾ താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യം/പാർപ്പിടേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായാണ് കാണുന്നത്.

| ഡി. & ഒ. ട്രേഡ് ലൈസൻസ് ഡിമാന്റ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേര് | കെട്ടിട നം. | ഉപയോഗം |
|---|---|---|---|
| 106 | ടി. പാണ്ട്യരാജ് | 17/144 | റ്റീ ഷോപ്പ് & സ്റ്റേഷനറി |
| 113 | വിജയ രാജൻ | 12/539 | കോഫീബാർ |
| 155 | എബ്രഹാം തോമസ് | 12/432 | ലേഡീസ് സെന്റർ |
| 178 | അനിത സന്തോഷ് | 8/600 | തയ്യൽക്കട |

തൻവർഷം ആകെ ലഭിച്ച 269 അപേക്ഷകളിൽ 10 അപേക്ഷകളിലെ കെടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ചപ്പോൾ തന്നെ 4 എണ്ണം പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ചവയാണെന്ന് കാണുകയുണ്ടായി. ഗണ്യമായ നികുതി ചോർച്ചയിലേക്കാണ് ഈ വസ്തുത വിരൽ ചൂണ്ടുന്നത്. ലൈസൻസിന് സമർപ്പിക്കുന്ന അപേക്ഷകളിലെ കെട്ടിടങ്ങളുടെ ഉപയോഗ ക്രമം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും മാറ്റങ്ങളുള്ളപക്ഷം വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച സമാനസ്വഭാവമുള്ള 5 കെട്ടിടങ്ങളുടെ ഉപയോഗക്രമം ഓഡിറ്റ് തീയതിയിലും മാറ്റിയിട്ടില്ലായെന്ന വസ്തുത ഏറെ ഗൌരവമർഹിക്കുന്നു. നികുതി ചോർച്ച ഒഴിവാക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

സി) <u>ലൈസൻസിന് അപേക്ഷ സമർപ്പിച്ചതിൽ സമയപരിധി പാലിക്കുന്നില്ല</u>

1996ലെ കേരള പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരസ്ഥാപനങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പ് സമർപ്പിക്കേണ്ടതാണ്. തൻവർഷം ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ച 269 സ്ഥാപനങ്ങളും അപേക്ഷ സമർപ്പിച്ചിരിക്കുന്നത് മേൽപ്പറഞ്ഞ സമയപരിധിക്ക് ശേഷമാണ്. വ്യാപാര സ്ഥാപനങ്ങൾ സമയ പരിധിക്കുള്ളിൽ ലൈസൻസിന് അപേക്ഷകൾ സമർപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>കന്നുകുട്ടി പരിപാലന പദ്ധതി - ₹8,75,000/- അധികമായി നിർവ്വഹണ ഏജൻസിയിൽ ഡിപ്പോസിറ്റ് ചെയ്തു</u>

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷം കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി (പ്രോജക്ട് നം.S0029/18) ചുവടെ ചേർക്കും പ്രകാരം തുക പിൻവലിച്ച് SLBP പ്രോജക്ട് ഓഫീസറുടെ മൃഗസംരക്ഷണ വകുപ്പിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./തീയതി | തുക ₹ |
|---|---|---|
| 1 | 4/17-18 /17.06.2017 | 5,00,000 |

| | | |
|---|---|---|
| 2 | 5/17-18/20.02.2018 | 11,00,000 |
| | ആകെ | 16,00,000 |

തൻവർഷം 128 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകാൻ ഉദ്ദേശിച്ചാണ് പ്രോജക്ട് ആവിഷ്കരിച്ചതെങ്കിലും 58 ഗുണഭോക്താക്കളുടെ കിടാക്കൾക്ക് മാത്രമാണ് നിലവിൽ സബ്സിഡി നൽകുന്നത്. 70 ഗുണഭോക്താക്കളെ ഇനിയും കണ്ടെത്തേണ്ടതുള്ളതിനാൽ അവർക്ക് വേണ്ടിയുള്ള ₹8,75,000/- നിർവ്വഹണ ഏജൻസിയിൽ വിനിയോഗ സാധ്യതയില്ലാതെ അവശേഷിക്കുന്നു. മേൽ പരാമർശിച്ച അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ആവശ്യാധിഷ്ഠിതമല്ലാതെ പദ്ധതി പണം പിൻവലിക്കുന്ന നടപടി കർശനമായി ഒഴിവാക്കേണ്ടതാണ്. നിർവ്വഹണ ഏജൻസിയിൽ നിക്ഷേപിച്ചിരിക്കുന്ന തുക തിരികെ ഈടാക്കുകയോ, അല്ലാത്ത പക്ഷം വരും വർഷങ്ങളിലെ പ്രോജക്ടിൽ ടി തുക ക്രമീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുകയോ വേണ്ടതാണ്.

## 3-2 പഞ്ചായത്താഫീസ് നെറ്റ് വർക്കിംഗ് - ടെൻഡറിൽ അധികരിച്ച് പദ്ധതി വിഹിതത്തിൽ നിന്നും തുക പിൻവലിച്ചു

| | |
|---|---|
| പ്രോജക്ട് നം. | SO 114/18 |
| വികസനഫണ്ട് (ലോകബാങ്ക്) | ₹4,98,006/- |
| ബിൽ നം. | 19/17-18/തീ. 04.10.2017 തുക – ₹1,89,196/- |

പഞ്ചായത്താഫീസ് നെറ്റ് വർക്കിംഗിനായി പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സെക്ഷൻ തയ്യാറാക്കിയ ₹2,00,000/-യുടെ എസ്റ്റിമേറ്റ് അനുസരിച്ച് ടെണ്ടർ ക്ഷണിക്കുകയും ₹1,79,123/- ക്വോട്ട് ചെയ്ത വോക്സ് ഡാറ്റാ ടെക്, കൊച്ചി എന്ന സ്ഥാപനത്തെ നിർമ്മാണ ചുമതല ഏൽപ്പിക്കുകയും ചെയ്തിരുന്നു. സ്ഥാപനം 22.09.2017ൽ സമർപ്പിച്ച ജി.എസ്.ടി/48-ാം നമ്പർ ബിൽ പ്രകാരം ആകെ ബിൽ തുക ₹1,89,196/-യാണ്. പ്രസ്തുത തുക മുഴുവൻ പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിക്കുകയും റിട്ടെൻഷൻ തുക ₹18,920/- കുറച്ച് ₹1,70,276/- സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ തുകയിൽ പരിമിതപ്പെടുത്താതെ പദ്ധതി വിഹിതത്തിൽ നിന്നും അധികമായി ₹10,073/- പിൻവലിച്ച നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14) നൽകിയ മറുപടിയിൽ അധികമായി പിൻവലിച്ച തുക ഉടൻ തന്നെ സർക്കാരിലേയ്ക്ക് അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ₹10,073/- തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 വൃദ്ധർക്ക് പകൽവീട് - പ്രവർത്തനക്ഷമമായിട്ടില്ല

വൃദ്ധർക്ക് വേണ്ടി ആവിഷ്കരിച്ച പകൽവീടിന്റെ നിർമ്മാണം ₹751727/- ചെലവഴിച്ച് തൻവർഷം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. ഫർണീഷിംഗിനായി തൻ വർഷം ₹59,012/- ചെലവഴിക്കുകയും ടെലിവിഷൻ ഉൾപ്പടെയുള്ള ഇലക്ട്രോണിക്സ് സാധനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. വൈദ്യുതിയുടെ അഭാവത്തിൽ ടെലിവിഷന്റെ ഗ്യാരണ്ടി കാലയളവിനുള്ളിൽ ആയത് ഉപയോഗിയ്ക്കാൻ കഴിഞ്ഞിട്ടില്ല. പകൽവീട് അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുന്നതിന് വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി - ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും

ശമ്പളം നൽകിയത് തിരികെ ക്രമീകരിച്ചില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്ന ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ശമ്പളം നൽകുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ 01.02.2016ലെ സർക്കാർ ഉത്തരവ് (സാധാ.)409/16/തസ്വഭവ. പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കേന്ദ്രഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തിരികെ തുക ക്രമീകരിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ ഈയിനത്തിൽ തൻവർഷം ₹5,31,642/- നൽകിയിട്ടുണ്ടെങ്കിലും ₹4,12,656/-യാണ് ക്രമീകരിച്ചിട്ടുള്ളത്. അവശേഷിക്കുന്ന ₹1,18,986/- ക്രമീകരിക്കേണ്ടതാണ്. ₹1,18,986/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 ആശ്രയ

യൂണിയൻ ബാങ്ക് വണ്ടന്മേട് ശാഖയിലുള്ള ആശ്രയ അക്കൌണ്ടിൽ (A/C No.336902010015896) 09.10.2018ൽ ₹12,67,633/- നീക്കിയിരുപ്പുണ്ട്. ആശ്രയ രണ്ടാം ഘട്ടം( 2013-16) 61 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. നിലവിൽ ആശ്രയ ഒന്നാം ഘട്ടത്തിലെയും രണ്ടാം ഘട്ടത്തിലെയും ഗുണഭോക്താക്കൾക്ക് ഭക്ഷണം മാത്രമാണ് നൽകിവരുന്നത്. ആശ്രയ ഒന്നാം ഘട്ടത്തിലെയും രണ്ടാം ഘട്ടത്തിലെയും ഗുണഭോക്താക്കളെയും വിശദമായ സർവേ നടത്തി പുതിയ ഗുണഭോക്താക്കളെയും കൂടി ഉൾപ്പെടുത്തി ആശ്രയ 3-ാം ഘട്ടത്തിന്റെ DPR(Detailed PROJECT Report) തയ്യാറാക്കിയിട്ടുണ്ടെങ്കിലും ജില്ലാമിഷനിലേയ്ക്ക് അംഗീകാരത്തിനായി നാളിതുവരെ അയച്ചിട്ടില്ല. 3-ാം ഘട്ടത്തിൽ 180 ഗുണഭോക്താക്കളാണുള്ളത്. മൂന്നാം ഘട്ടത്തിന് താമസംവിനാ അംഗീകാരം നേടിയെടുത്ത് ആശ്രയ ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഭരണസമിതിയുടെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും സജീവ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-6 വി.ഇ.ഒ.-യുടെ അക്കൗണ്ടിൽ അനധികൃതമായി പണം സൂക്ഷിച്ചിരിക്കുന്നു

ODF പദ്ധതിക്ക് വേണ്ടി വി.ഇ.ഒ. ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ പ്രോജക്ട് പൂർത്തീകരണ ശേഷവും പണം അവശേഷിക്കുന്നു.

വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| അക്കൗണ്ട് നം. | ബാങ്ക് | തുക ₹ | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| 336902010009915 | യൂണിയൻ ബാങ്ക്, വണ്ടൻമേട് | 543273 | 31.03.2018 വരെയുള്ള പാസ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം |

പ്രസ്തുത അക്കൌണ്ട് ക്ലോസ് ചെയ്ത് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക അത് അനുവദിച്ച ഏജൻസിക്ക് നൽകുകയോ, സമാന ആവശ്യങ്ങൾക്ക് വിനിയോഗിക്കുകയോ ചെയ്യേണ്ടതാണ്.

## 3-7 പെൻഷൻ അംശദാനം ഒടുക്ക് - അപാകതകൾ

സർക്കുലർ നമ്പർ എഫ്.3/26572/03/17.11.2013 പ്രകാരം പെൻഷൻ അംശദാനം 5ആം തീയതിക്ക് മുൻപ് ട്രഷറിയിൽ ഒടുക്കി ചെലാൻ, ഷെഡ്യൂൾ എന്നിവ പ്രത്യേക ഫയലിൽ സൂക്ഷിക്കുകയും പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത നടപടി ക്രമം കൃത്യമായി പാലിക്കുന്നില്ല.

പെൻഷൻ അംശദാനം ഇനത്തിൽ പിൻവലിച്ച താഴെ പറയുന്ന തുകകൾ ട്രഷറിയിൽ ഒടുക്കിയതിന്റെ ചെലാൻ പകർപ്പ് ഹാജരാക്കുകയോ വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| | |
|---|---|
| 21700357/09-08-2017 | 3496 |
| 21700521/10-10-2017 | 6870 |
| 21700522/10-10-2017 | 55478 |
| 21700523/10-10-2017 | 13560 |
| 21700658/16-12-2017 | 2468 |
| 21700179/01-06-2017 | 6870 |

രേഖകൾ/രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്.

## 3-8 പാലിയേററീവ് കെയർ പദ്ധതി - മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 75/2018 |
| ചെക്ക് നം. | 1620586 തീ. 21-02-2018 |
| തുക | ₹4,37,000/- |

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പാലിയേറ്റീവ് പദ്ധതിയ്ക്ക് ബ്ലോക്ക് വിഹിതമിനത്തിൽ ലഭ്യമായ മേൽ തുകയിൽ നിന്ന് ₹3,74,297/- മരുന്ന് വാങ്ങുന്നതിനായി KMSCLന്റെ അക്കൌണ്ടിലേക്ക് നം. (3624001800000019) നേരിട്ട് നൽകിയിരുന്നു. എന്നാൽ ₹84,481/-യുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ആകയാൽ ₹84,481/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 സോളിംഗിന് മാത്രമായി പ്രൊജക്ട് നടപ്പാക്കിയിരിക്കുന്നു

റോഡ് നിർമ്മാണ വേളയിൽ സോളിംഗിന് മാത്രമായി പ്രത്യേക പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കരുതെന്ന് സർക്കാർ പദ്ധതി മാർഗനിർദ്ദേശങ്ങളിലൂടെ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രൊജക്ടുകൾ സോളിംഗിന് വേണ്ടി മാത്രം ആവിഷ്കരിച്ചതായി കാണുന്നു.

| ക്രമ നംപർ | പ്രൊജക്ട്& നമ്പർ | ബിൽ നം.& തീയതി |
|---|---|---|
| 1 | കുരുവിക്കാട്ടുപാറ-പാലക്കണ്ടം റോഡ് സോളിംഗ് 315/17 | 25/17-18, 24-06-17 |

| | | |
|---|---|---|
| | | ₹2,64,591/- |
| 2 | നാല്യ സെന്റ് കോളനി-മാങ്ങാനം അങ്കണവാടി റോഡ് സോളിംഗ് 175/17 | 17/17-18, 28-06-17 ₹1,92,402/- |

സോളിംഗിന് മാത്രമായി പ്രത്യേക പ്രൊജക്ട് ആവിഷ്കരിക്കാതെ, ടാറിംഗ് വേലകൾ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കത്തക്ക വിധത്തിൽ പ്രൊജക്ടുകൾ നടപ്പാക്കി തുടർ വർഷങ്ങളിലുണ്ടാകാവുന്ന അധിക ചെലവുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

തൻവർഷം സി.പി. പടി കുടിവെള്ള പദ്ധതിക്ക് വേണ്ടി ടാങ്ക് സ്ഥാപിക്കുന്നതിനുള്ള പ്ലാറ്റ് ഫോം തയ്യാറാക്കി 5000 ലിറ്റർ ശേഷിയുള്ള ടാങ്ക് സ്ഥാപിച്ചിട്ടുണ്ട് (പ്രോജക്ട് നമ്പർ 295/18)ബിൽ നമ്പർ 100/17-18 ചെലവ് തുക ₹98,657/- ചെലവഴിച്ചിട്ടുണ്ട്). നിലവിൽ കുടിവെള്ള പദ്ധതിക്കുവേണ്ടി കുളവും ടാങ്കും സജ്ജമാണ്. എന്നാൽ പമ്പ് സെറ്റ്, പൈപ്പ് ലൈൻ, വൈദ്യുതി കണക്ഷൻ, വിതരണ സംവിധാനം എന്നിവ സാധ്യമായിട്ടില്ല. നടപ്പ് സാമ്പത്തിക വർഷം ആയതിനുവേണ്ടി പ്രൊജക്ട് ആവിഷ്കരിച്ചതായും കാണുന്നില്ല. പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവ്തുക ₹98,657/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അനുബന്ധ പ്രവർത്തനങ്ങൾക്കായി പദ്ധതി ആവിഷ്കരിച്ച് കുടിവെള്ളപദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-11 വെള്ളക്കരം - വൻതുക കുടിശ്ശിക ഒടുക്കാൻ അവശേഷിക്കുന്നു

വാട്ടർ അതോറിറ്റിയുടെ 09/10/2018ലെ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരമിനത്തിൽ ഒടുക്കുവാനുള്ള കുടിശ്ശിക തുക താഴെ ചേർക്കുന്നു.

| | |
|---|---|
| ക്യാഷ് നീക്കിയിരിപ്പ് 30-09-2018 | ₹9,45,579/- |
| പിഴ | ₹18,558/- |
| ഡിമാൻഡ് 10/18 | ₹27,125/- |
| ആകെ | ₹9,91,269/- |

വെള്ളക്കരമിനത്തിൽ 2017-18 വർഷം ₹1,08,500/- (27125x4 മാസം) ഒടുക്കിയിട്ടുണ്ട്. വെള്ളക്കരമിനത്തിൽ കുടിശ്ശികയുടെ കാലയളവ് നിർണയിച്ച് ഒടുക്കിയതും ഒടുക്കാൻ ശേഷിക്കുന്നതുമായ തുകകളുടെ കൃത്യത പരിശോധിക്കേണ്ടതാണ്. ഒപ്പം തന്നെ, സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും വെള്ളക്കരം അടവ് യുക്തിസഹമാക്കേണ്ടതുമാണ്. ധന/ആരോഗ്യ/വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

തുക ഏത് കാലയളവിലുള്ളതാണെന്ന് വ്യക്തമാക്കേണ്ടതാണ്. തുക ഒടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 ആശുപത്രി മാനേജ്മെന്റ് സമിതി - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിലെ (പി.എച്ച്.സി., ആയുർവ്വേദ ഡിസ്പെൻസറികൾ, ഹോമിയോ) മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 3-13 ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിക്കുന്നില്ല

ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് 13.01.2010ലെ സർക്കുലർ നമ്പർ 58608/ഡി.ബി-2/2009/ത.സ്വ.ഭവ നമ്പർ സർക്കുലറിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് മാറിയ വേളയിൽ അതുവരെ ആർജ്ജിച്ച ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കേണ്ടിയിരുന്നുവെങ്കിലും അത് നടപ്പായില്ല. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കി സൂക്ഷിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2017-18 | 2000000 | ക്ഷീരകർഷകർക്ക് ക്ഷീരസംഘം വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി നൽകൽ | 2000000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2017-18 | 144500 | നെൽ കൃഷിക്ക് കൂലി ചെലവിന് സബ്സിഡി | 144500 | 0 |
| കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 960000 | പാലിന് സബ്സിഡി | 960000 | 0 |
| കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1200000 | എസ്.സി. കുട്ടികൾക്ക് പഠന മുറി | 590000 | 610000 |
| കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 450000 | പാലിയേറ്റീവ് കെയർ | 450000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന | 321/2010 29.10.2010 | 23593500 | 4899530 | 2359350 | - | 2540180 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | | | | | | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2006-07 | 3.35.2 | 2003-04 | 3-4 | വൗച്ചറുകൾ/രേഖകൾ<br>ഹാജരാക്കാത്തത് |
| 2009-10 | 2.8 | 2006-07 | 3-4 | നിക്ഷേപ വേലകൾ<br>പൂർത്തീകരിക്കാത്തത് |
| 2011-12 | 2.4 | 2007-08 | 3-9 | പട്ടികജാതി ഭവന നിർമ്മാണത്തിനുള്ള ധനസഹായം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയത് |
| 2015-16 | 4-1-5 | 2012-13 | വസ്തുനികുതി<br>തൊഴിൽനികുതി<br>ഡി&ഒ<br>ലൈസൻസ് | വിഷയാധിഷ്ഠിത അവലോകനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൌണ്ടിംഗ് സമ്പ്രദായം നികുതി,നികുതിയേതര വരുമാനങ്ങൾ പൊരുത്തപ്പെടാത്ത കണക്കുകൾ |
| | | 2013-14 | തൊഴിൽനികുതി | |
| 2016-17 | അനുബന്ധം 3 | 2014-15 | 2-1 | വസ്തുനികുതി |
| 2016-17 | അനുബന്ധം 5 | 2015-16 | 2-1 | തൊഴിൽനികുതി |

## **4-8** ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

എ) ചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

– ഇല്ല –

ബി) സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി ₹ | കോടതി വ്യവഹാരങ്ങളിൽ/ ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നം./ തീയതി | തുക ₹ | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1998-99 | 20 എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 785 | | | | | | 785 | |
| | 21എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 120 | ₹120/- രസീത് നം. 1131100193, 1131100194/ 17.04.13 | | | | 120 | | |
| | 21ബി | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 600 | ₹600/- രസീത് നം. 1131100191, 1131100192/ 17.04.13 | | | | 600 | | |
| | 21 സി | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 720 | | | | | | 720 | |
| | 23 | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 625 | | | | | | 625 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | 24 | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 4248 | | | | | | | 4248 |
| | 26 | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 170 | | 170 | | | 170 | | |
| | 27-എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 4940 | | | | | | 4940 | |
| | 27(ബി) | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 5000 | | | | | | 5000 | |
| | 27(സി) | 20 എ 1998-99 ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 5000 | | | | | | 5000 | |
| | 27(ഡി) | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 3469 | | | | | | 3469 | |
| | 29 | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 5000 | | | | | | 5000 | |
| | 34 | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 1183 | | | | | | 1183 | |
| 1999-00 | 22 | ശ്രീ. സാബുകുട്ടൻ നായർ സെക്രട്ടറി | LF.22209 Spl.Cell/ SC.2/ 2005 01.11.2006 | 900 | ₹900/- രസീത് നം.49/6436 /18.09.2008 /17.04.13 | | | | 900 | | |
| 1999-00 | 26 | ശ്രീ. സാബുകുട്ടൻ | LF.12365 Spl.Cell/ CSC/C1/ | 6840 | | | | | | 6840 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | നായർ സെക്രട്ടറി | 2003 1.08.2003 | | | | | | | | |
| 2001-02 | 2-2 | ശ്രീമതി. പി.റ്റി.ഏലിയാമ്മ സെക്രട്ടറി | LF.22209 Spl.Cell/ SC2/ 2005 1.11.2006 | 2838 | | | | | | 2838 | |
| 2001-02 | 2-9 | ശ്രീമതി. പി.റ്റി.ഏലിയാമ്മ സെക്രട്ടറി | LF.22209 Spl.Cell/ SC2/ 2005 1.11.2006 | 1841 | | | | | | 1841 | |
| 2008-09 | 3-9 | ശ്രീ. കെ. എം. ഉഷാനന്ദൻ അസി. എഞ്ചിനിയർ | LF.22683 Spl.Cell/ CSC/C1/ 2012 19.06.2014 | 3660 | | | | | | 3660 | |
| 2012-13 | 3.1 | ശ്രീ. രാജൻ വർഗ്ഗീസ് | LF.10878 Spl.Cell/ CSC/C1/ 2015 14.7.2017 | 51728 | | | | | | 51728 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹10,13,41,582 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹10,53,22,791 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2,26,084 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| | | | |
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 118986 | ശ്രീ. സേതു ആർ. സെക്രട്ടറി |
| 3-8 | 84481 | ഡോ. റ്റിജു പി. ജോസഫ്, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 3-10 | 98657 | ശ്രീ. സേതു ആർ. സെക്രട്ടറി |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സേതു ആർ, സെക്രട്ടറി | - | ഇന്ദീവരം, മന്നം നഗർ പി.ഒ, പെരുംപിള്ളക്കൽ,പന്തളം |
| ഡോ. റ്റിജു പി. ജോസഫ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. വണ്ടൻമേട് | പുളിമൂട്ടിൽ അണക്കര പി.ഒ ഇടുക്കി ജില്ല |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക നം. | റിമാർക്സ് |
|---|---|---|---|
| 1980-1981 | എൽ.എഫ്.ഐ.5/415/83/31.10.83 | | |
| 1981-1982 | എൽ.എഫ്.ഐ.5/879/85/31.12.85 | | |
| 1982-1983 | എൽ.എഫ്.ഐ.5/239/87/16.12.87 | | |
| 1983-1984 | എൽ.എഫ്.ഐ.5/222/58/04.06.88 | | |
| 1984-1985 | എൽ.എഫ്.ഐ.5/595/92/31.08.90 | | |
| 1985-1986 | എൽ.എഫ്.ഐ.5/728/90/21.01.91 | | |

| | | | |
|---|---|---|---|
| 1986-1987 | എൽ.എഫ്.ഐ.5/615/91/1.08.92 | | |
| 1987-1988 | എൽ.എഫ്.ഐ.5/996/91/17.02.92 | | |
| 1988-1989 | എൽ.എഫ്.ഐ.5/377/95/08.03.96 | | |
| 1989-1990 | എൽ.എഫ്.ഐ.5/377/95/08.03.96 | | |
| 1990-1991 | എൽ.എഫ്.ഐ.5/56/94/30.03.1994 | | |
| 1991-1992 | എൽ.എഫ്.ഐ.55/56/94/30.03.1994 | | |
| 1992-1993 | എൽ.എഫ്.ഐ.5/79/95/08.03.96 | | |
| 1993-1994 | എൽ.എഫ്.ഐ.5/79/95/08.03.96 | | |
| 1998-1999 | എൽ.എഫ്.ഐ.6/202 /2002/20.07.2000 | 8 | 20എ, 21സി, 23, 24, 27എ, ബി, സി, ഡി 29, 34, 36 |
| 1999-2000 | എൽ.എഫ്.ഐ.6/562 /2000/31.07.2000 | 1 | 26 |
| 2001-2002 | എൽ.എഫ്.ഐ.6/281/04/09.02.2005 | 2 | 2-2.2-9 |
| 2003-2004 | എൽ.എഫ്.ഐ.8/40/06/02.11.2006 | 2 | 3-12,3-14 |
| 2004-2005 | എൽ.എഫ്.ഐ.8/1022/06/01.06.2007 | 1 | 3-3 |
| 2006-2007 | എൽ.എഫ്.ഐ.8/1100/09/11.06.2010 | 11 | 2-2, 2-3എ,ബി,സി, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6(1, 2), 3-7(1,2), 4-3 |
| 2007-2008 | എൽ.എഫ്.ഐ.9/1021/11/13.10.2011 | 14 | 2-2, 2-3, 3-2, 3-3, 3-4, 3-6, 3-7, 3-8, 3-9, 3-10, 3-11, 4-2, 4-3, 4-5 |
| 2008-09 | എൽ.എഫ്.ഐ.-9/989/12/05.09.2012 | 18 | 1-3(ബി), 2-3, 2-4, 2-5(എ, ബി), 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-14 |
| 2009-10 | എൽ.എഫ്.ഐ.-9/1460/12/10.06.2013 | 12 | 2-3, 2-4(എ, ബി), 2-5(1),2-5(2), 3-1(1, 2), 3-3,3-4, 3-6, 3-7, 3-8, 3-9,3-10, 3-12 |
| 2010-11 | എൽ.എഫ്.ഐ.-9/1515/12/11.03.2014 | 15 | 2-1, 2-2, 2-3, 2-4, 2-5, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10 |
| 2011-12 | എൽ.എഫ്.ഐ.-9/1178/14/24.02.2015 | 18 | 1-3, 1-4, 2-2, 2-3, 2-4(ബി, സി, ഡി), 2-7,3-1, 3-2, 3-3, 3-4,3-5, 3-7,3-8,3-10,3-11,3-12,3-13,3-14 |

| | | | |
|---|---|---|---|
| 2012-13 | എൽ.എഫ്.ഐ.-9/638/17/10.06.2015 | 8 | 2-4, 2-5, 3-1, 3-2,<br>3-3, 3-4, 3-5,4-1 |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ.-9/919/15/<br>18.02.2016 | 5 | 2-2, 3-1, 3-2,<br>3-3,3-5 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ.-9/1385/<br>19/23.03.2017 | 8 | 2-1, 2-2, 3-1, 3-2,<br>3-3,3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ.-9/419/17/<br>05.04.2017 | 8 | 1-12, 2-1, 2-2, 2-3,<br>3-2, 3-3, 3-4, 3-5 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ.-9/1317/17/<br>05.09.2017 | 11 | 1-12, 2-1, 2-2, 2-3,<br>2-4, 3-1, 3-2, 3-3,<br>3-4, 3-5, 3-6 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-9/1316/18

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ, ഇടുക്കി
Ph:04862-227332
*E-mail:doidk.ksad@kerala.gov.in*
തീയതി: .......... .2018
,

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ്

സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ (ഖണ്ഡിക 1-12 കാണുക) ഒഴികെ എന്റെ അഭിപ്രായത്തിൽ വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## അനുബന്ധം - 2

### ഓഡിറ്റ് ചെയ്ത പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,ഇടുക്കി